**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3660** **26-10-2021 - ൽ മറുപടിയ്ക്ക്**

**സാരഥി പോർട്ടലിലെ അപാകതകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സാരഥി പോർട്ടൽ വഴി മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്ന അപേക്ഷകൾ കൃത്യസമയത്ത് തീർപ്പുകൽപ്പിക്കാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ കീഴിലുള്ളതാണ് സാരഥി പോർട്ടൽ ഇതുവഴി മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്ന അപേക്ഷകൾ തീർപ്പ കൽപ്പിക്കുന്നതിൽ കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ കാലതാമസം വരുകയാണെങ്കിൽ സി.എം.എസ് പോർട്ടൽ വഴി അതാത് ഓഫീസുകളിൽ നിന്നും പരാതി രജിസ്റ്റർ ചെയ്യാവുന്നതും കൂടാതെ അപേക്ഷകന് നേരിട്ടും (file your grievance) പരാതി സമർപ്പിക്കാവുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത അപാകത പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ കീഴിലുള്ളതാണ് സാരഥി പോർട്ടൽ ഇതുവഴി മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്ന അപേക്ഷകൾ തീർപ്പ കൽപ്പിക്കുന്നതിൽ കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ കാലതാമസം വരുകയാണെങ്കിൽ സി.എം.എസ് പോർട്ടൽ വഴി അതാത് ഓഫീസുകളിൽ നിന്നും പരാതി രജിസ്റ്റർ ചെയ്യാവുന്നതും കൂടാതെ അപേക്ഷകന് നേരിട്ടും (file your grievance) പരാതി സമർപ്പിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പോർട്ടൽ വഴി കൃത്രിമം നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | സാരഥി പോർട്ടൽ സോഫ്റ്റ് വെയർ വികസിപ്പിച്ചിരിക്കുന്നത് നാഷണൽ ഇൻഫർമാറ്റിക് സെന്റർ ആണ്. MoRTH ന്റെ നിയന്ത്രണത്തിൽ രാജ്യമൊട്ടാകെ നടപ്പിൽ വരുത്തിയ ഈ സംവിധാനം കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ആണ്. പ്രസ്തുത സോഫ്റ്റ്‌വെയർ വഴിയുള്ള ഏതെങ്കിലും തരത്തിലുള്ള കൃത്രിമം ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ ആവശ്യമായ നടപടികൾ എൻ.ഐ.സിയെ അറിയിക്കുന്നതും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്. |

സെക്ഷൻ ഓഫീസർ